# COP-28-ൽ ആഗോള ഗ്രീൻ ക്രെഡിറ്റ് ഇനിഷ്യേറ്റീവ് യുഎഇയുമായി ഇന്ത്യ സഹ-ഹോസ്റ്റ് ചെയ്യുന്നു

ഡിസംബർ 01, 2023

പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.എ.ഇ. പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ചേർന്ന്, 2023 ഡിസംബർ 1 ന് ദുബായിൽ നടന്ന COP-28-ൽ 'ഗ്രീൻ ക്രെഡിറ്റ്സ് പ്രോഗ്രാം' എന്ന ഉന്നതതല പരിപാടി സംഘടിപ്പിച്ചു. ചടങ്ങിൽ സ്വീഡൻ പ്രധാനമന്ത്രി ശ്രീ ഉൾഫ് ക്രിസ്റ്റേഴ്സൺ, മൊസാംബിക് പ്രസിഡന്റ് ഫിലിപ് ന്യൂസി, യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് ചാൾസ് മൈക്കൽ എന്നിവർ പങ്കെടുത്തു.

ഈ സംരംഭത്തിൽ ചേരാൻ പ്രധാനമന്ത്രി എല്ലാ രാജ്യങ്ങളെയും ക്ഷണിച്ചു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളിയോടുള്ള ഫലപ്രദമായ പ്രതികരണമെന്ന നിലയിൽ, സ്വമേധയാ ഗ്രഹ അനുകൂല പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സംവിധാനമായാണ് ഗ്രീൻ ക്രെഡിറ്റ് ഇനിഷ്യേറ്റീവ് സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നത്. പ്രകൃതി പരിസ്ഥിതി വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കാനും മലിനമായ /തകർച്ചയിലായ ഭൂമികളിലും നദികളുടെ വൃഷ്ടിപ്രദേശങ്ങളിലും തോട്ടങ്ങൾക്കായി ഗ്രീൻ ക്രെഡിറ്റ് അനുവദിക്കുന്നത് ഇത് വിഭാവനം ചെയ്യുന്നു.

ഇവന്റിനിടെ, പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന നയങ്ങളുടെയും മികച്ച സമ്പ്രദായങ്ങളുടെയും ഒരു ശേഖരമായി വർത്തിക്കുന്ന ഒരു വെബ് പ്ലാറ്റ്ഫോമും സമാരംഭിച്ചു ( https://ggci-world.in/ ).

ഗ്രീൻ ക്രെഡിറ്റ് പോലുള്ള പരിപാടികൾ/സംവിധാനങ്ങളിലൂടെ പരിസ്ഥിതിയ്ക്കു വേണ്ടിയുള്ള പോസിറ്റീവ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള അറിവ്, അനുഭവങ്ങൾ, മികച്ച സമ്പ്രദായങ്ങൾ എന്നിവയുടെ കൈമാറ്റം വഴി ആഗോള സഹകരണം, കൂട്ടായ്മ,പങ്കാളിത്തം എന്നിവ സുഗമമാക്കാൻ ഈ ആഗോള സംരംഭം ലക്ഷ്യമിടുന്നു.

ദുബായ്
ഡിസംബർ 01, 2023